**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3724** **09-10-2025 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ തകർക്കാൻ ശ്രമിക്കുന്ന ചില ശക്തികൾ, സംസ്ഥാനത്തെ സർവകലാശാലകളുടെ പ്രവർത്തനങ്ങളെ തകിടം മറിക്കുന്നതിന് ശ്രമങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. വൈസ് ചാൻസലർ നിയമത്തിലടക്കം തടസ്സം സൃഷ്ടിക്കാൻ ശ്രമം നടക്കുന്നുണ്ട്. എങ്കിലും സംസ്ഥാനത്തെ സർവകലാശാലകളുടെ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ മുന്നോട്ടുപോകുന്നതിന് സർക്കാർ ശ്രദ്ധിക്കുന്നുണ്ട്. |
| (ബി) | സർവകലാശാലകളുടെ പ്രവർത്തനങ്ങളെ തകിടം മറിക്കുന്നതിനായി വൈസ് ചാൻസലർമാരുടെ നിയമനത്തിൽ അനിശ്ചിതത്വം സൃഷ്ടിക്കുന്നതിന് നടത്തുന്നതായി പറയപ്പെടുന്ന ശ്രമങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; ; | (ബി) | സർവകലാശാലകളിൽ സ്ഥിരം വൈസ് ചാൻസലർമാരെ തിരഞ്ഞെടുക്കുന്നതിനായി സെർച്ച് കം സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് സർക്കാർ നിയമനിർമ്മാണം നടത്തുകയും ആയത് അംഗീകരിക്കുന്നതിനായി ബഹു. ഗവർണർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർവകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനം നടത്തുന്നതിന് നിലവിലുള്ള നടപടി ക്രമങ്ങൾ എപ്രകാരമാണെന്ന് വിശദമാക്കുമോ; | (സി) | സർവകലാശാലകളുടെ വൈസ് ചാൻസലർമാരുടെ നിയമനം നടത്തുന്നതിന് അതാത് സർവകലാശാലാ ആക്ടുകളിലും യു.ജി.സി. റെഗുലേഷനിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമാണ് നടപടി സ്വീകരിക്കുന്നത്. |
| (ഡി) | സംസ്ഥാനത്തെ സർവകലാശാലകളുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താൻ നടത്തുന്ന ശ്രമങ്ങൾക്കിടയിലും ഉന്നതവിദ്യാഭ്യാസ മേഖലയിൽ മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതിന് സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉന്നത വിദ്യാഭ്യാസ മേഖല ഇപ്പോൾ പരിഷ്കരണത്തിന്റെ പാതയിലാണ്. നാല് വർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കൽ, മികവിന്റെ കേന്ദ്രങ്ങൾ, ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ, ഇന്റർനാഷണൽ ഹോസ്റ്റലുകൾ എന്നിവ സ്ഥാപിക്കൽ ഉൾപ്പെടെ നിരവധി പുരോഗമനപരമായ മാറ്റങ്ങൾ ഉന്നതവിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സ്റ്റഡി ഇൻ കേരള, സ്കോളർ കണക്ട്, ബ്രെയിൻ ഗെയിൻ തുടങ്ങിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.<br><br>2025 വർഷം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പ്രസിദ്ധീകരിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ |

| | | | |
|---|---|---|---|
| | | | റാങ്കിംഗ് ഫ്രെയിംവർക്ക് (NIRF) അനുസരിച്ച് സംസ്ഥാനത്തെ 4 സർവകലാശാലകൾ State Public Universities category-ൽ ആദ്യ 50 റാങ്കിനകത്തും 18 കോളേജുകൾ Colleges category-ൽ ആദ്യ 100 റാങ്കിനകത്തും ഉൾപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖല മികച്ച മുന്നേറ്റമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ